പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1568 11.08.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി .സി പെൻഷൻ കുടിശ്ശിക**

| ചോദ്യം<br>ശ്രീ.ഐ.ബി. സതീഷ് | | ഉത്തരം<br>ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി .സി., എത്ര മാസത്തെ പെൻഷൻ കുടിശ്ശിക നല്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | രണ്ട് മാസത്തെ മുഴുവൻ പെൻഷനും ഒരു മാസത്തെ പകുതിയും ഒരു മാസത്തെ പതിനായിരം രൂപയ്ക്കു മുകളിൽ പെൻഷൻ വാങ്ങുന്നവരുടെ പതിനായിരം രൂപയ്ക്ക് മേലുള്ള തുകയും നൽകുന്നുണ്ട്. |
| (ബി) | പെൻഷൻ കുടിശ്ശിക പൂർണമായും എന്നു കൊടുത്തുതീർക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | കെ.എസ്.ആർ.ടി.സി.യുടെ ശരാശരി പ്രതി മാസ വരുമാനം 170 കോടി രൂപയും ശരാശരി ചെലവ് 310 കോടി രൂപയുമാണ്. പ്രതിമാസ ശമ്പളവും, വേതനവും വിതരണം ചെയ്യുന്നതിനായി 86 കോടി രൂപയും, ഡീസൽ ചെലവ് ഇനത്തിൽ 90 കോടി രൂപയും, വായ്പ തിരിച്ചടവിന് 87 കോടി രൂപയും ആവശ്യമാണ്. പ്രതിമാസ വരുമാനത്തിൽ നിന്നും ടി ചെലവുകൾക്കു പോലുമുള്ള തുക കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണ് കെ.എസ്.ആർ.ടി.സി.യ്ക്ക് ഉള്ളത്. മൂന്നു മാസത്തെ പെൻഷൻ കുടിശ്ശികയുള്ള സാഹ ചര്യവും അതുമൂലം അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടും പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ യുദ്ധകാലാടി സ്ഥാനത്തിൽ നടത്തി വരികയാണ്. വരവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിമൂലമാണ് പെൻഷൻ മുടങ്ങിയിട്ടുള്ളത്. പെൻഷൻ കുടിശ്ശിഖ പൂർണ്ണമായും വിതരണം ചെയ്യുവാൻ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞപലിശയ്ക്കും ദൈർഘ്യം കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പ തരപ്പെടുത്തുവാൻ കെ.എസ്.ആർ.ടി.സി. ശ്രമിച്ചു വരുന്നു. ധനകാര്യ പുനഃസംഘടന യാഥാർത്ഥ്യമാകുന്നതോടെ പെൻഷൻ കുടിശ്ശിഖ പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | പെൻഷൻ കൃത്യമായി നൽകുന്നതിനുവേണ്ട എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ